"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് -ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി കാർഡ് ഹോൾഡറുകൾ ലഭ്യമാക്കിയ വകയിൽ കെൽട്രോൺ ആവശ്യപ്പെട്ടിരുന്ന തുക അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.2437/2025/GAD    തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. 06.01.2025, 29.01.2025 ലെ ആഭ്യന്തര (എസ്.സി) വകുപ്പിന്റെ HOME-SC2/423/2024-HOME നമ്പർ അനൗദ്യോഗികക്കുറിപ്പ്.
2. കെൽട്രോൺ ഹെഡ്ഡിന്റെ 13.05.2025 ലെ KECM/SSG/F2-4201/2023-24/153നമ്പർ കത്ത്

**ഉത്തരവ്**

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബയോമെടിക്ക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (പഞ്ചിംഗ് സിസ്റ്റം)ഭാഗമായി തിരിച്ചറിയൽ കാർഡിനോടൊപ്പം വിതരണം ചെയ്യുന്ന കാർഡ് ഹോൾഡറുകൾ സ്റ്റോക്കിൽ കുറവായതിനാലും കെൽട്രോണിൽ നിന്നും വിതരണം ചെയ്ത ക്രിസ്റ്റൽ ടൈപ്പ് കാർഡ് ഹോൾഡറുകൾക്ക് വളരെ വേഗം കേട്ട സംഭവിക്കുന്നതിനാലും അടിക്കടി മാറി നൽകേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും ഈ സാഹചര്യത്തിൽ ക്രിസ്റ്റൽ ടൈപ്പ് കാർഡ് ഹോൾഡറുകൾക്ക് പകരം വേഗം കേട്ടുപാട്ടുകൾ സംഭവിക്കാത്ത തരത്തിലുള്ള 1000 എണ്ണം ഫൈബർ കാർഡ് ഹോൾഡറുകളോ മറ്റോ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ആഭ്യന്തര(എസ്.സി)വകുപ്പ് പരാമർശം 1 പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ആയത് പ്രകാരം കെൽട്രോൺ ഇതിന് മുമ്പ് ലഭ്യമാക്കി വന്നിരുന്ന Card holder (Box type) ലഭ്യമാണെന്ന് അറിയിക്കുകയും. ആയത് പ്രകാരം വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ 1000 എണ്ണം Card holder (Box type) കൾ ആഭ്യന്തര(എസ്.സി)വകുപ്പിൽ ലഭ്യമാക്കുകയും ഈ വകയിൽ 32,002/-രൂപ (മുപ്പത്തിരണ്ടായിരത്തി രണ്ട് രൂപ മാത്രം) കെൽട്രോണിന് അനുവദിച്ച് നൽകുവാനും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബയോമെടിക്ക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (പഞ്ചിംഗ് സിസ്റ്റം)ഭാഗമായി തിരിച്ചറിയൽ കാർഡിനോടൊപ്പം വിതരണം ചെയ്തുവന്നിരുന്ന ക്രിസ്റ്റൽ ടൈപ്പ് കാർഡ് ഹോൾഡറുകൾക്ക് വളരെ വേഗം കേട്ട സംഭവിക്കുന്ന സാഹചര്യത്തിൽ ആയത് മാറ്റി Card holder (Box type) 1000 എണ്ണം ആഭ്യന്തര(എസ്.സി)വകുപ്പിൽ ലഭ്യമാക്കിയ വകയിൽ 32,002/-രൂപ (മുപ്പത്തിരണ്ടായിരത്തി രണ്ട് രൂപ മാത്രം) കെൽട്രോണിന് അനുവദിച്ച് അനുവദിച്ച് ഉത്തരവാകുന്നു.

3. അണ്ടർ സെക്രട്ടറി, പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് 2052-090-99-05-OE4-Other items എന്ന ശീർഷകത്തിൽ നിന്നും 32,002/-രൂപ (മുപ്പത്തിരണ്ടായിരത്തി രണ്ട് രൂപ മാത്രം) പിൻവലിച്ച് M/s കെൽട്രോണിന് ( IFSC-SBIN0004350, Acct.no.10183255263 ) നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ജനറൽ മാനേജർ, M/s കെൽട്രോൺ സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്,     കരകുളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പൊതുഭരണ (അക്കൗണ്ട്സ് -എ) വകുപ്പ് (3 പകർപ്പ്)
ധനകാര്യ (എക്സ്പെൻഡീച്ചർ-ബി) വകുപ്പ്
ആഭ്യന്തര(എസ.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്
(വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 05-06-2025 11:06:52
സെക്ഷൻ ഓഫീസർ